<u>പതിനാലാം കേരള നിയമസഭ</u>

ഏഴാം സമ്മേളനം

നക്ഷത്രചോദ്യമിടാത്ത ചോദ്യം നം.81      07.08.2017 ൽ മറുപടിക്ക്

<u>ലൈറ്റ് മെട്രോ</u>

<u>ചോദ്യം</u>

ശ്രീ. കെ. മുരളീധരൻ
ശ്രീ. കെ. എസ്. ശബരീനാഥൻ
ശ്രീ. വി. എസ്. ശിവകുമാർ

<u>ഉത്തരം</u>

ശ്രീ. പിണറായി വിജയൻ
(മുഖ്യമന്ത്രി)

| | | |
|---|---|---|
| (എ) | തിരുവനന്തപുരം, കോഴിക്കോട് ജില്ലകളിൽലൈറ്റ് മെട്രോയുടെ സ്ഥലമെടുപ്പ് ഏത്ഘട്ടത്തിലാണ്; | (എ) 08.09.2016-ലെ ജി.ഒ.(എം.എസ്.) നം. 67-2016-പി.ഡബ്ള്യൂ.ഡി, പ്രകാരം തിരുവനന്തപുരം, കോഴിക്കോട് ലൈറ്റ് മെട്രോ സ്റ്റേഷനുകൾക്കാവശ്യമായ സ്വകാര്യ ഭൂമി ഏറ്റെടുക്കുന്നതിന് (യഥാക്രമം 1.9893 ഹെക്ടർ, 1.4474 ഹെക്ടർ) അനുമതി നല്കിയിട്ടുണ്ട് ഇതോടൊപ്പം തിരുവനന്തപുരം ലൈറ്റ് മെട്രോ പദ്ധതിയുടെ പ്രാരംഭ പ്രവർത്തനങ്ങളുടെ ഭാഗമായി മൂന്ന് മേൽപ്പാലങ്ങളുടെ (ശ്രീകാര്യം, പട്ടം, ഉള്ളൂർ) നിർമ്മാണത്തിനാവശ്യമായ 2.77 ഹെക്ടർ സ്വകാര്യ ഭൂമി ഏറ്റെടുക്കുന്നതിനും അനുമതി നൽ കിയിട്ടുണ്ട് അതാത് ജില്ലാ കളക്ടർമാരുടെ നേതൃത്വത്തിൽ സ്ഥലമെടുപ്പിനുള്ള നടപടി ക്രമങ്ങൾ ആരംഭിച്ചിട്ടുണ്ട് |
| (ബി) | തിരുവനന്തപുരത്തും കോഴിക്കോട്ടും എത്രഏക്കർ സ്ഥലം വീതമാണ് ഏറ്റെടുക്കേണ്ടതെന്നുംഇതിനായി എത്ര കോടി രൂപ വേണ്ടി വരുമെന്നും വ്യക്തമാക്കുമോ; | (ബി) കോഴിക്കോട് ലൈറ്റ് മെട്രോ സ്റ്റേഷനുകൾക്ക് 3.58 ഏക്കർ (1.4474 ഹെക്ടർ) സ്വകാര്യ ഭൂമിയും, തിരുവനന്തപുരം ലൈറ്റ് മെട്രോ സ്റ്റേഷനുകൾക്ക് 4.92 ഏക്കർ (1.9893 ഹെക്ടർ) സ്വകാര്യ ഭൂമിയുമാണ് ഏറ്റെടുക്കേണ്ടത്. തിരുവനന്തപുരത്ത് 196 കോടി രൂപയും, കോഴിക്കോട്145കോടി രൂപയും ആ ണ് ഭൂമി ഏറ്റെടുക്കുന്നതിന് കണക്കാക്കിയിട്ടുള്ളത്. |
| (സി) | ഭൂ ഉടമകളുമായി ചർച്ച നടത്തി ഭൂമി വില നിശ്ചയിക്കുന്ന ഡയറക്ട് പർച്ചേസ് രീതിയിലാണോ ഭൂമി ഏറ്റെടുക്കാൻ തീരുമാനിച്ചിട്ടുള്ളത്; | (സി) തിരുവനന്തപുരം, കോഴിക്കോട് ലൈറ്റ് മെട്രോ പദ്ധതിക്കാവശ്യമായ ഭൂമി 2013-ലെ LARR ആക്ടും, പ്രസ്തുത ആക്ട് നടപ്പിലാക്കാൻ 2015-ൽ സംസ്ഥാന സർക്കാർ രൂപീകരിച്ച ചട്ടങ്ങളും പ്രകാരമാണ് ഏറ്റെടുക്കുന്നത്. ഭൂവുടമകളുമായി ചർച്ച നടത്തി ഭൂമി വില നിശ്ചയിക്കുന്ന ഡയറക്ട് /നെഗോഷിയേറ്റ് പർച്ചേസ് രീതി അവലംബിക്കാനും ജില്ലാകളക്ടർമാ ർക്ക് അനുമതി നല്കിയിട്ടുണ്ട് |

| | | |
|---|---|---|
| (ഡി) | ലൈറ്റ് മെട്രോയുടെ നിർമ്മാണ ചെലവ് എത്രയാണെന്നാണ് കണക്കാക്കിയിട്ടുള്ളത്; കേന്ദ്ര - സംസ്ഥാന സർക്കാരുകളുടെ വിഹിതമെത്ര; വിദേശ വായ്പ എത്ര; | (ഡി) തിരുവനന്തപുരത്ത് 4219കോടി രൂപയും, കോഴിക്കോട് 2509 കോടി രൂപയുമായി ആകെ 6728 കോടി രൂപയാണ് ലൈറ്റ് മെട്രോ പദ്ധതിയുടെ നിർമ്മാണ ച്ചെലവ് കണക്കാക്കിയിരിക്കുന്നത്. ഇതിൽ സ്ഥലമെടുപ്പിനാവശ്യമായ 341കോടി (തിരുവനന്തപുരം -196കോടി, കോഴിക്കോട് - 145കോടി) പൂർണ്ണമായും സംസ്ഥാന സർക്കാർ വഹിക്കണമെന്നാണ് തീരുമാനിച്ചിട്ടുള്ളത്. ബാക്കി തുകയുടെ 20% കേന്ദ്ര സർക്കാരും, 20% സംസ്ഥാന സർക്കാരും, 60% തദ്ദേശ /വിദേശ വായ്പ്പയായും കണ്ടെത്താനാണ് തീരുമാനിച്ചിരിക്കുന്നത്. |
| (ഇ) | എന്നത്തേക്ക് പദ്ധതി പൂർത്തിയാക്കുവാനാണ് ലക്ഷ്യമിട്ടിട്ടുള്ളതെന്ന് വ്യക്തമാക്കാമോ? | (ഇ) നിർമ്മാണ പ്രവർത്തനം ആരംഭിച്ച് 5 വർഷം കൊണ്ട് തിരുവനന്തപുരം ലൈറ്റ് മെട്രോ പദ്ധതിയും, 4 വർഷം കൊണ്ട് കോഴിക്കോട് ലൈറ്റ് മെട്രോ പദ്ധതിയും പൂർത്തീകരിക്കുന്നതിനാണ് ലക്ഷ്യമിട്ടിട്ടുള്ളത്. കേന്ദ്രസർക്കാരിന്റെ അനുമതി ലഭ്യമായ ശേഷം നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനാണ് തീരുമാനിച്ചിട്ടുള്ളത്. മേൽപ്പാലങ്ങൾ, പാതവികസനം മുതലായ പ്രാരംഭ നടപടികൾ പുരോഗമിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ